**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4511** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി കുടുംബങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്തെ ഓരോ പട്ടികജാതി കുടുംബത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രാധാന്യം നൽകുന്ന സമഗ്ര വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്തെ ഓരോ പട്ടികജാതി കുടുംബത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രാധാന്യം നൽകുന്ന പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നിലവിൽ തീരുമാനമെടുത്തിട്ടില്ല. എന്നാൽ സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി കുടുംബങ്ങളുടെയും അടിസ്ഥാന വിവരശേഖരണം നടത്തി വരുംവർഷങ്ങളിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. നിലവിൽ മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും, അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നോക്കം നിൽക്കുന്നതും, വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ കോളനികളുടെ സമഗ്ര വികസനത്തിനായി വകുപ്പ് മുഖേന അംബേദ്ക്കർ ഗ്രാമ വികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പട്ടികജാതി വിഭാഗത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നുണ്ട്. ഭവനരഹിതരായിട്ടുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നൽകുന്ന പദ്ധതി, പഠനമുറി നിർമ്മാണം, പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണം എന്നിവയും നടപ്പിലാക്കി വരുന്നു. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വേടൻ, നായാടി, കള്ളാടി, അരുന്ധതിയാർ/ചക്ലിയൻ എന്നീ വിഭാഗക്കാരുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഭവന നിർമ്മാണം, വീട് അറ്റകുറ്റപ്പണി, സാമൂഹിക പഠനമുറി നിർമ്മാണം, കക്കൂസ് നിർമ്മാണം, കൃഷിഭൂമി വിതരണം എന്നിവയ്ക്ക് ധനസഹായം അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ